(എഫ്) ഒരാൾക്ക് ടൈപ്പിംഗ് ജോലിയുടെ മേൽനോട്ടവും മറ്റേയാൾക്ക് തപാൽ വിതരണം, ശേഖരണം, സ്റ്റേഷനറി സാധനങ്ങളുടേയും അച്ചടിച്ച ഫാറങ്ങളുടേയും വിതരണം, ഓഡിറ്റ് റിപ്പോർട്ടുകളുടെ വിതരണം എന്നീ ജോലികളുടെ മേൽനോട്ടവുമാണ് നൽകിയിട്ടുള്ളത്.

(ജി) രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക ലഭ്യമായിട്ടുള്ള സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞപ്രകാരം ജോലി വിഭജനം നടത്തിയിട്ടുള്ളത്. ഒരു ഓഫീസ് സൂപ്രണ്ട് തസ്തിക അധികമായി അനുവദിച്ച് ഉത്തരവായപ്പോൾ എന്തെല്ലാം ജോലി ഈ തസ്തികയിൽ നിക്ഷിപ്തമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ഒരു ഓഫീസ് സൂപ്രണ്ട് നിലവിലുണ്ടായിരുന്നപ്പോൾ ഉള്ള സംവിധാനം വീണ്ടും ഏർപ്പെടുത്താവുന്നതാണ്.

26 (3352) സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർവക ആഫീസുകൾക്കുവേണ്ടി ഭൂമി വിലയ്ക്കു വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നല്കാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപ്പഞ്ചായത്തുകളോ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളോ വഴി നല്കിയിട്ടുള്ള ഇത്തരം എത്ര അപേക്ഷകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്ത് ഉത്തരവ് നല്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപ്പഞ്ചായത്ത് മൃഗാശുപത്രിക്കുവേണ്ടി സ്ഥലം വാങ്ങുവാൻ സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനായി അപേക്ഷിച്ചിട്ടുണ്ടായിരുന്നോ;

(ഡി) അപേക്ഷ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 1959-ലെ കേരള മുദ്രപ്പത്രനിയമം 3(ബി) (1) വകുപ്പുപ്രകാരം മുദ്രസല ആവശ്യമില്ല.

(ബി) രണ്ട് ഗ്രാമപ്പഞ്ചായത്തുകൾക്കും രണ്ട് തദ്ദേശസ്ഥാപനങ്ങൾക്കും മുദ്രസല ഇളവ് നല്കിയിട്ടുണ്ട്. അവ പെരിങ്ങോം വയക്കര ഗ്രാമപ്പഞ്ചായത്ത്, പാറളം ഗ്രാമപ്പഞ്ചായത്ത്, തൃശൂർ അർബൻ ഡെവലപ്മെന്റ് അതോറിറ്റി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി എന്നിവയാണ്.

(സി) അപേക്ഷിച്ചിരുന്നു.

(ഡി)&(ഇ) സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുകയുണ്ടായില്ല.

27 (3353) ബ്ലോക്കതിർത്തിയിലെ മഹിളാപ്രധാൻ ഏജന്റുമാരുടെ നിയമനം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

823/2010.

LIBRARY ARCHIVES Kerala Legislative Assembly